LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ജീവിത ശൈലീരോഗങ്ങളുടെ (പ്രമേഹം, രക്താതി സമ്മർദ്ദം തുടങ്ങിയവ) വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം രോഗങ്ങൾ പ്രതിരോധിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനുമായി ആരോഗ്യ വകുപ്പും, എൻ.ആർ.എച്ച്.എമ്മുമായി ചേർന്ന് ജീവിത ശൈലീരോഗ നിയന്ത്രണ പരിപാടി (നോൺകമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോൾ പ്രോഗ്രാം) നടപ്പിലാക്കുന്നുണ്ട്. സബ്സെന്റർ തലം മുതൽ പ്രമേഹത്തിന്റെയും രക്താതി സമ്മർദ്ദത്തിന്റെയും രോഗനിർണ്ണയം, തുടർചികിത്സാ സൗകര്യങ്ങൾ എന്നിവ ഇതോടെ ലഭ്യമാകും.

(ബി&സി) സബ്സെന്റർ തലത്തിൽ മാസംതോറും ജീവിത ശൈലീദിനം ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അന്നേ ദിവസം രോഗപ്രതിരോധത്തിനായി ജീവിത ശൈലിയിൽ വരുത്തേണ്ട മാറ്റങ്ങൾ, ആരോഗ്യകരമായ ഭക്ഷണക്രമം എന്നിവ സംബന്ധിച്ച് ക്ലാസ്സുകളും രോഗനിർണ്ണയ സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. ഇത്തരം രോഗങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിനുള്ള പ്രചരണ പരിപാടികൾ നടപ്പിലാക്കുന്നതാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലുള്ള എൻ. സി. ഡി. (നോൺ കമ്മ്യൂണിക്കബിൾ ഡിസീസ്) ക്ലീനിക്കുകൾ ആഴ്ചതോറും നടത്താനും ലബോറട്ടറി പരിശോധനാ സൗകര്യങ്ങൾ വിപുലമാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ആശുപത്രികളിലും നടപ്പിലാക്കുന്ന പ്രതിവാര എൻ.സി.ഡി. ക്ലിനിക് താലൂക്ക് ആശുപത്രികളിലും ലഭ്യമായിരിക്കും.

കൂടാതെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡയബറ്റീസ് & നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (IID) പ്രവർത്തനം ശക്തിപ്പെടുത്തി മേൽപ്പറഞ്ഞ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ഉദ്ദേശിക്കുന്നു.

**തിരൂർ/താനൂർ ആശുപത്രികളുടെ പദവി ഉയർത്താൻ നടപടി**

**22 (1742)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രി ആക്കി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) ഇതു സംബന്ധമായ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രി ആയി മാറുന്ന സന്ദർഭത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് രോഗികൾക്കും ജീവനക്കാർക്കും പുതുതായി ലഭിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 24-1-2011-ലെ ജി.ഒ.(എം)എസ്.)43/2011/ആ.കു.വ. ഉത്തരവ് പ്രകാരം ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

**വയനാട് ജില്ലയിൽ അനുവദിച്ച പ്രൈമറി ഹെൽത്ത് സെന്ററുകൾ**

**23 (1745)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത പഞ്ചായത്തുകൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ അവയുടെ താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ അനുവദിച്ചുവെന്നതിന്റെ താലൂക്കടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കുമോ ;

(ഡി) ഇവയിൽ, ഏതെല്ലാം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; മറ്റുള്ളവ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) മുപ്പൈനാട് ഗ്രാമപഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിക്കുവാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടും പ്രവർത്തനം തുടങ്ങാൻ നടപടി സ്വീകരിക്കാത്തതെന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈത്തിരി താലൂക്കിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്തിൽ പ്രാഥമികാരോഗ്യകേന്ദ്രം ഇല്ല.

(സി-ഇ) വയനാട് ജില്ലയിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്ത സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഇവ ആരംഭിക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**ഇരിക്കൂർ പി.എച്ച്.സി.-യുടെ പദവി ഉയർത്താൻ നടപടി**

**24 (1746)** ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി.യായി ഉയർത്തുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly